By Fax
നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം.3646

# L.A.INTERPELLATION-TIME LIMIT.

No.245/D1/18/SJD

Social Justice(D)Department
Thiruvananthapuram, Dated:13.6.2018

From
The Special Secretary to Government

007849

To
The Director,
Social Justice Department,
Thiruvananthapuram

OFFICE OF THE DIRECTOR OF SOCIAL ... 14 JUN 2018

Sir,

Sub:-LA Interpellation-Unstarred Question No.3646 to be answered on 20.6.2018-Reg.

Information on the points mentioned below for preparing the answer to an Interpellation should be furnished with explanatory notes, so as to reach Government by return fax.

Yours faithfully,

for Spl. Secretary to Govt.

## Points on which information is required

(എ) പി.ഡബ്ലിയു.ഡി.ആക്ട് 1995-ലെ വകുപ്പ് 33 അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ/ സ്വയംഭരണ വകുപ്പുകളിലെ ക്ലാസ്സ് III, IV നിയമനങ്ങൾക്ക് ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) 01.01.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിലെ ഭിന്നശേഷിക്കാർക്ക് നിയമനം നൽകുവാനുള്ള ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്ലാസ്സ് III, IV തസ്തികകളിലെ ഏതെല്ലാം തസ്തികയിലെ എത്ര വീതം ഒഴിവുകൾ ഏതെല്ലാം വകുപ്പുകളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷിക്കാർക്കുള്ള ക്ലാസ്സ് III,IV തസ്തികകളിൽ സംവരണം ചെയ്തിട്ടുള്ള ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 07.02.1996 മുതൽ അംഗപരിമിതരായവർക്ക് ഓരോ വകുപ്പിലും നിലവിലുള്ള കേഡർ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് നൽകിയ സംവരണം അനുസരിച്ച് എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വകുപ്പ്/തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) 06.05.2017 ലെ സർക്കാർ ഉത്തരവ്(P) No. 8/17/സാ. നീ .വകുപ്പ് ഉത്തരവിൽ സൂചിപ്പിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ജി) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് കേഡർ സ്ട്രെങ്ത്തിന് ആനുപാതികമായി നൽകുവാനുള്ള തസ്തികകൾ കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?